# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 472 — 11.06.2013 ൽ മറുപടിയ്ക്ക്

## പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയത് സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല. റിപ്പോർട്ടിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടൻസായി പ്രവർത്തിക്കണമെന്നും, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളാകണമെന്നും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗങ്ങളാകണമെന്നും പരാമർശിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് വേണ്ടി നിക്ഷേപ വായ്പ ഇടപാടുകൾ നടത്താവുന്നതാണെന്നും ഇതിലേയ്ക്കായി ഏജൻസി ഫീസ് കൈപ്പറ്റാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയാൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ പ്രസക്തി ഇല്ലാതാകാൻ സാധ്യതയുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്ന നടപടി ഈ കമ്മീഷൻ ശുപാർശ പ്രകാരം തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | തടഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ